# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് - 2019-2020

## കണ്ണൂർ ജില്ല

## എടക്കാട് ബ്ലോക്ക്

## പേരളശ്ശേരി ഗ്രാമപഞ്ചായത്ത്

## വാർഡ 15 - മോച്ചെരി


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ നിയമം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

രണ്ടാം നില സി. എസ്. ബിൽഡിംഗ്

എൽ. എം. എസ്. കോമ്പൗണ്ട്

വികാസ് ഭവൻ. പി. ഒ

തിരുവനന്തപുരം

**Pin :695033**

**PH:04712724696Email:keralasocialaudit@gmail.com**


---

റിപ്പോർട്ട് തയ്യാറാക്കിയത്,

**VRP :**വർഷ

**VRP** സ്നയന

ഫെസിലിറ്റേറ്റർ : പ്രജിത

എടക്കാട് ബ്ലോക്ക് സോഷ്യൽ ഓഡിറ്റ് ടീം

## ആമുഖം

**2005** സെപ്തംബര് 5 **ന്** നിലവിൽ വന്ന **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം** അടിസ്ഥാനമാക്കിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭാരതത്തിലെ ഗ്രാമീണ മേഖലയില് നടപ്പിലാക്കി വരുന്നത്. ഗ്രാമീണ മേഖലയിലെ കുടുംബങ്ങള്ക്ക് 100 ദിവസം അവിദഗ്ദ്ധ കായിക തൊഴില് ഉറപ്പു നല്കുകയും, അതിലൂടെ ഗ്രാമീണ ജനതയുടെ ഉന്നമനം, ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീ ശാക്തീകരണം എന്നിവ ലക്ഷ്യം വെക്കുന്നു.

തൊഴിലുറപ്പ്പദ്ധതി പ്രകാരം നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും 6 മാസ കാലയളവിനുള്ളില് നിര്ബന്ധമായും **സോഷ്യല് ഓഡിറ്റ്** അഥവാ സാമൂഹ്യ പരിശോധന നടത്തണമെന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 17(2) - വകുപ്പില് നിഷ്കര്ഷിക്കുന്നു. പദ്ധതി നടത്തിപ്പില് സുതാര്യതയും സാമൂഹ്യ ഉത്തരവാദിത്തവും ഉറപ്പുവരുത്തി പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുകയാണ് ലക്ഷ്യം. നടപ്പിലാക്കിയ ഓരോ പ്രവൃത്തികളും, പദ്ധതിനിർവഹണവും, തൊഴിലാളികൾക്ക് ലഭിക്കേണ്ട അവകാശങ്ങളും സാമൂഹ്യ പങ്കാളിത്തത്തോടെ വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തില് സോഷ്യല് ഓഡിറ്റ് റിപ്പോര്ട്ട് തയ്യാറാക്കുകയും ചെയ്യുന്നു, തുടര്ന്ന് പ്രത്യേക ഗ്രാമസഭ വിളിച്ചു ചേര്ത്ത് ഓഡിറ്റ് റിപ്പോര്ട്ട് അവതരിപ്പിക്കുകയും റിപ്പോര്ട്ടിന്മേല് ചർച്ച ചെയ്തു പദ്ധതി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുടര്നടപടികള് നിർദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. വാര്ഡിലെ 2019-20 സാമ്പത്തിക വര്ഷത്തിലെ ഏപ്രിൽ മുതല് സെപ്റ്റംബർ വരെയുള്ള കാലയളവില് നടപ്പിലാക്കിയ പ്രവൃത്തികളും പദ്ധതിനിർ വഹണവുമായി ബന്ധപ്പെട്ട ഇടപെടലുകളുമാണ് സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസില് നിന്നും പ്രവൃത്തി ഫയലുകളുടെ പരിശോധന, രജിസ്റ്റര് പരിശോധന, വാര്ഡിലെ വിവിധ സ്ഥലങ്ങളിലായി നടപ്പിലാക്കിയ പ്രവൃത്തി സ്ഥലങ്ങള് സന്ദര്ശിച്ച് വിലയിരുത്തല്, പദ്ധതി ഗുണഭോക്താക്കള്, വാര്ഡിലെ വിവിധ മേഖലയില് പ്രവര്ത്തിക്കുന്നവർ തൊഴിലുറപ്പ് തൊഴിലാളികള് എന്നിവരുമായുള്ള അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് സോഷ്യൽ ഓഡിറ്റ് കരട് റിപ്പോര്ട്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത റിപ്പോര്ട്ട് ഗ്രാമസഭയുടെ ചര്ച്ചയ്ക്കും അംഗീകാരത്തിനുമായി സമര്പ്പിക്കുന്നു .

**സോഷ്യൽ ഓഡിറ്റ് മുന്നൊരുക്ക പ്രവർത്തനങ്ങൾ**

**പശ്ചാത്തലം ഒരുക്കല്**

ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഓഫീസർ , പഞ്ചായത്ത് സെക്രട്ടറി , മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയൽ ഉരുതിരിഞ്ഞതനുസരിച്ച് തുടർ പ്രക്രിയകള് ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു .

**ഫയൽ പരിശോധന**

സോഷ്യൽ ഓഡിറ്റ് ആരംഭിച്ചിരിക്കുന്ന തീയതിക്ക് മുൻപുള്ള ആറുമാസക്കാലയളവിൽ വാർഡിലെ പ്രവർത്തി ഫയലുകള്, രജിസ്റ്ററുകള് അതോടൊപ്പം അനുബന്ധരേഖകളും സൂക്ഷ്മ പരിശോധന നടത്തുന്നു .

**പ്രവർത്തി സ്ഥല സന്ദർശനം, നിരീക്ഷണം**

ഓരോ പ്രവർത്തിയും എസ്റ്റിമെറ്റിൽ പ്രതിപാതിക്കുന്ന അളവിലും ഗുണത്തിലും നടപ്പിലാക്കിയിട്ടുണ്ടോ എന്നും ആ പ്രവർത്തിയുടെ ഗുണ ഫലത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുകയും പ്രസ്തുത തൊഴിലിടങ്ങളിൽ തൊഴിലാളികൾക്കു ലഭിക്കേണ്ട അവകാശ ആനുകൂല്യങ്ങള് ലഭിച്ചിട്ടുണ്ടോ എന്നും പ്രവർത്തി സ്ഥല പരിശോധനയിലൂടെ ലക്ഷ്യം വെക്കുന്നു.

**വീടുവീടാന്തരം ഉള്ള വിവരശേഖരണം** .

പദ്ധതി ഗുണഭോക്താക്കളുടെ വീടുകളിൽ ചെന്ന് നേരിട്ട് പദ്ധതിയുടെ വിവരങ്ങൾ സമാഹരിക്കുന്നു . തെളിവ് ശേഖരണം, ഫയല് പരിശോധന , പ്രവർത്തി സ്ഥല പരിശോധന, വീട് വീടാന്തരം ഉള്ള വിവരശേഖരണം തുടങ്ങിയ പ്രക്രിയയിലൂടെയുള്ള കണ്ടെത്തലുകളുടെ വസ്തുനിഷ്ഠമായ തെളിവ് ശേഖരണം നടത്തുന്നു.

**സാമൂഹ്യ ബോധവൽക്കരണം**

സാമൂഹ്യ ഇടപെടലുകളിലൂടെ പദ്ധതി വിജയം ഉറപ്പു വരുത്തി പൌരാവബോധം ഉയർത്തുകയും സോഷ്യൽ ഓഡിറ്റ് പ്രക്രിയ വിജയിപ്പിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുന്നു .

## റിപ്പോർട്ട് തയ്യാറാക്കൽ

സാമൂഹിക പരിശോധനയിലൂടെ കണ്ടെത്തിയ നിഗമനങ്ങളും ,നിർദേശങ്ങളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയില് ചർച്ച ചെയ്തു അംഗീകാരം നടത്തുന്നതിനാവശ്യമായ റിപ്പോർട്ട് തയ്യാറാക്കുന്നു .

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ .

പശ്ചാത്തലം ഒരുക്കൽ, ചർച്ച ചെയ്യൽ, നിശ്ചയിക്കപ്പെട്ട ദിനത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഗ്രാമസഭ ചേർന്ന് കരട് റിപ്പോർട്ട് അവതരണവും ചർച്ചയും നിർദ്ദേശങ്ങളും , തിരുത്തൽ പ്രക്രിയയും , അംഗീകാരം നേടിയെടുക്കുകയും തുടർ നടപടികളും കൈക്കൊള്ളുന്നു.

## തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ

| | പഞ്ചായത്ത് തലത്തിൽ | വാർഡ് തലത്തിൽ |
|---|---|---|
| ആകെ തൊഴിൽ കാർഡ് | 2854 | 145 |
| ആക്റ്റീവ് തൊഴിൽ കാർഡ് | 1656 | 24 |
| ആക്റ്റീവ് തൊഴിലാളികൾ | 1745 | 24 |
| SC രജിസ്റ്റർ ചെയ്ത തൊഴിലാളികൾ | 161 | NIL |
| ST തൊഴിലാളികൾ | NiL | NIL |
| 100 ദിവസം തികച്ച തൊഴിലാളികൾ | 372 | 8 |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ.

1. **തൊഴിൽ കാർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ താല്പര്യമുള്ള ഏതൊരു കുടുംബത്തിലും തൊഴിൽ കാർഡിനു വേണ്ടി അപേക്ഷിക്കാം. അപേക്ഷ നൽകിയ എല്ലാ കുടുംബാംഗങ്ങൾക്കും 15 ദിവസത്തിനകം തൊഴിൽ കാർഡ് തികച്ചും സൗജന്യമായി ലഭിക്കേണ്ടതുണ്ട്. തൊഴിൽ കാർഡുകൾ സൂക്ഷിക്കേണ്ടതതിന്റെ പൂർണ്ണ ഉത്തരവാദിത്വം തൊഴിലാളികൾക്കാണ്. അഞ്ചുവർഷത്തിലൊരിക്കൽ തൊഴിൽ കാർഡ് പുതുക്കി നൽകേണ്ടതാണ്.

- എല്ലാ തൊഴിലാളികളുടെയും തൊഴിൽകാർഡ് പരിശോധിച്ചു. എല്ലാ വിവരങ്ങളും കൃത്യമായി പൂരിപ്പിച്ചിട്ടുണ്ട്.
- വാർഡിലെ തൊഴിലാളികൾക്ക് തൊഴിൽ കാർഡ് സൗജന്യമായി ലഭിച്ചിരുന്നെങ്കിലും തൊഴിൽ കാർഡ് പുതുക്കുന്ന സമയത്ത് ഫോട്ടോ തൊഴിലാളികൾ സ്വന്തമായി എടുക്കുകയാണ് ഉണ്ടായത് എന്ന് തൊഴിലാളികളിൽ നിന്ന് അറിയാൻ സാധിച്ചു.
- എല്ലാ തൊഴിലാളികളുടെയും തൊഴിൽ കാർഡ് തൊഴിലാളികൾ അവരുടെ കയ്യിൽ തന്നെ ആണ് സൂക്ഷിക്കുന്നത്.
- അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ട് എന്ന് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞു. ഫയൽ പരിശോധനയിൽ നിന്നും ഈ കാര്യം വ്യക്തമായിട്ടുണ്ട്.

3. **തൊഴിൽ അനുവദിച്ചത് സംബന്ധിച്ച്**

തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം. അല്ലാത്തപക്ഷം തൊഴിൽരഹിത വേതനത്തിനുള്ള അർഹതയുണ്ട്.

- ഈ വാർഡിലെ തൊഴിലാളികൾക്ക് തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനകം തന്നെ തൊഴിൽ ലഭിക്കാറുണ്ട്. ഡിമാൻറ് ഫോം, വർക്ക് അലോക്കേഷൻ ഫോം ഇവ പരിശോധിച്ചതിലൂടെ ഈ കാര്യം വ്യക്തമായിട്ടുണ്ട്.

4. **ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കുന്നതിനുള്ള അവകാശം.**

അടുത്ത 5 വർഷത്തേക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സമാഹാരമാണ് ഷെൽഫ് ഓഫ് പ്രൊജക്റ്റ്. അയൽക്കൂട്ട തലത്തിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമാഹരിച്ച് വാർഡ് തലത്തിൽ ക്രോഡീകരിച്ച് ഗ്രാമസഭയിൽ അവതരിപ്പിച്ച് മുൻഗണന ക്രമം നിശ്ചയിച്ചാണ് അംഗീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഷെൽഫ് ഓഫ് പ്രൊജക്ട് തയ്യാറാക്കുന്നതിനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്.

- തൊഴിലുറപ്പിൽ അനുവദനീയമായ ആസ്തി വികസനപ്രവർത്തികൾ കണ്ടെത്തുന്നതിന് തൊഴിലാളികളുടെയും വാർഡിലെ വിവിധ മേഖലയിലുള്ളവരുടെയും പങ്കാളിത്തം ഉണ്ടാവാറുണ്ട്.

**5.യാത്രാ ചെലവ് സംബന്ധിച്ച്**

തൊഴിലാളികൾക്ക് താമസ സ്ഥലത്തു നിന്നും 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം ഉണ്ട്. അങ്ങനെ അല്ലാത്ത പക്ഷം യാത്രാബത്ത ആയി കൂലിയുടെ 10 ശതമാനം (27.10) അധിക വേതനം ആയി ലഭിക്കാൻ അവകാശമുണ്ട്.

- 5 km ൽ അധികം ദൂരം യാത്ര ചെയ്ത് ജോലി ചെയ്യേണ്ട അവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല എന്ന് തൊഴിലാളികളിൽ നിന്ന് അറിയുവാൻ കഴിഞ്ഞു.

**6.അടിസ്ഥാന സൗകര്യങ്ങളെ കുറിച്ച്**

തൊഴിലാളികൾക്ക് ആവശ്യമായ കുടിവെള്ളം, വിശ്രമിക്കുന്നതിനുള്ള തണൽ, പ്രഥമശുശ്രൂഷ കിറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കേണ്ടത് തൊഴിലാളികളുടെ അവകാശമാണ്. ഇത് ലഭ്യമാക്കേണ്ടത് നിർവഹണ ഏജൻസിയുടെ ഉത്തരവാദിത്തം ആണ്.

- ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ടായിരുന്നു.
- കാലാവധി കഴിയാത്ത മരുന്നുകൾ തന്നെയായിരുന്നു സൂക്ഷിച്ചിരുന്നത്.
- തണലിനുള്ള ഷീറ്റോ കുടിവെള്ളത്തിനു വേണ്ടിയുള്ള പത്രങ്ങളോ വൃത്തി ഹീനമായ സ്ഥലങ്ങളിൽ ജോലി ചെയ്യുമ്പോൾ ഉപയോഗിക്കേണ്ട കൈയുറകളോ കാലുറകളോ പഞ്ചായത്തിൽ അപേക്ഷിക്കാത്തതിനാൽ അവർക്ക് ലഭിച്ചിട്ടില്ല.
- പഞ്ചായത്തിൽ അപേക്ഷിച്ചാൽ ലഭിക്കുമെന്ന കാര്യം അറിയില്ലായിരുന്നു എന്ന് തൊഴിലാളികൾ പറഞ്ഞു.

**7.വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച്**

തൊഴിലുറപ്പ് പദ്ധതി നിയമത്തിലെ സെക്ഷൻ 3(2) പ്രകാരം ഓരോ പ്രവൃത്തിയുടെയും മസ്റ്റർ റോൾ പൂർത്തിയാക്കി പഞ്ചായത്തിൽ സമർപ്പിച്ച 15 ദിവസത്തിനകം തൊഴിലാളികൾക്ക് വേതനം ലഭിക്കേണ്ടതാണ്.

- വേതനം മുഴുവൻ ലഭിക്കുന്നുണ്ടെങ്കിലും തൊഴിലാളികളുടെ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചപ്പോൾ 15 ദിവസത്തിനകം വേതനം ലഭിക്കാറില്ല എന്ന് കണ്ടെത്താൻ കഴിഞ്ഞു.
- കഴിഞ്ഞ 6 മാസത്തെ കൂലി ഒന്നിച്ചു ജനുവരി മാസത്തിൽ ലഭിച്ചു എന്ന് തൊഴിലാളികളിൽ നിന്ന് അറിയാൻ സാധിച്ചു.

- ഫയൽ പരിശോധിച്ചപ്പോൾ വേതനം ലഭിക്കാൻ കാലതാമസം നേരിടുന്നത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ വീഴ്ചയല്ലെന്ന് കണ്ടെത്തി.

**8. തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ വെച്ച് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചാൽ ഷെഡ്യൂൾ 2(5) പ്രകാരവും അധ്യായം 9 ലേ പരാമർശങ്ങളുടെ അടിസ്ഥാനത്തിലും ചികിത്സ ആവശ്യമായിവരുന്ന മുഴുവൻ ചിലവുകളും ബന്ധപ്പെട്ട ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടതാണ്. 25000/- രൂപ മരണം സംഭവിച്ചാൽ തൊഴിലാളികളുടെ കുടുംബത്തിന് ലഭ്യമാക്കേണ്ടതാണ്.

- ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തിയുടെ കാലയളവിൽ തൊഴിലാളികളിൽ ആർക്കും അപകടങ്ങൾ സംഭവിച്ചിട്ടില്ല.

10. **സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് സെക്ഷൻ 17(2) നിഷ്കർഷിക്കുന്നുണ്ട്. തൊഴിലുറപ്പിൽ ഏറ്റെടുത്ത പ്രവർത്തികളുടെ സാമൂഹിക കണക്കെടുപ്പ് നടത്തുന്നതിനാൽ പങ്കാളി ആവുന്നതിനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്.

**റോസ്ഗാർ ദിനം**

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ അവരെ ബോധ്യപ്പെടുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ആയി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതുണ്ട്.

- റോസ്ഗാർ ദിനം മാസംതോറും ആചരികാറുണ്ട് എന്നും മേറ്റും രണ്ട് തൊഴിലാളികൾ വീതവുമാണ് പങ്കെടുക്കാറുള്ളതെന്നും തൊഴിലാളികളിൽ നിന്നും മിനുട്സ് പരിശോധിച്ചതിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

**സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്. ഒരു പ്രവർത്തിയുടെ അടിസ്ഥാനവിവരങ്ങൾ സാധാരണ

ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഓരോ പ്രവൃത്തിയുടെയും ആരംഭഘട്ടത്തിൽ ഈ ബോർഡ് സ്ഥാപിക്കേണ്ടതുണ്ട്.

| പ്രവർത്തി | എസ്റ്റിമേറ്റ് തുക | എം ബുക്ക് തുക | ഫീൽഡ് | വിശദാംശങ്ങൾ |
|---|---|---|---|---|
| പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179 | 5000/ | രേഖപ്പെടുത്തിയിട്ടില്ല | സ്ഥാപിച്ചിട്ടില്ല | തുക ചിലവഴിച്ചിട്ടില്ല |
| ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | 5000/- | രേഖപ്പെടുത്തിയിട്ടില്ല | സ്ഥാപിച്ചിട്ടില്ല | തുക ചിലവഴിച്ചിട്ടില്ല |

**<u>ജാഗ്രതാ മേൽനോട്ട സമിതി</u>**

- ഓരോ പഞ്ചായത്തിലും 5 അംഗങ്ങൾ എങ്കിലും ഉള്ള ജാഗ്രതാ മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ സ്ത്രീകൾ, അദ്ധ്യാപകർ, അംഗനവാടി വർക്കർ, സ്വയം സഹായ സംഘത്തിലെ അംഗങ്ങൾ, പൊതു സമൂഹ സംഘടനകൾ, ഉപഭോക്തൃ സമിതികൾ, സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ, യുവജന ക്ലബ്ബുകൾ, പൊതു സമൂഹ സംഘടനകൾ തുടങ്ങിയവരിൽ നിന്നും വിജിലൻസ് ആൻഡ്മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്.
- ഗ്രാമസഭയാണ് വിഎംസി അംഗങ്ങളെ നിയമിക്കേണ്ടത്.
- പ്രകൃതി സ്ഥല സന്ദർശനം, തൊഴിലാളികളുമായി ആശയവിനിമയം നടത്തൽ, പ്രവൃത്തിസ്ഥല പരിശോധന, പ്രവൃത്തിയുടെ സ്വഭാവത്തെ സംബന്ധിച്ചുള്ള ഗുണപരമായ വിലയിരുത്തൽ എന്നിവയാണ് പ്രധാന ചുമതല. സോഷ്യൽ ഓഡിറ്റ് സമയത്ത് അവ ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതാണ്.
- 5 VMC അംഗങ്ങൾ ആണ് നിലവിൽ ഉള്ളത്. വിഎംസി അംഗങ്ങളെ പുതുക്കിയെങ്കിലും സജീവ ഇടപെടലുകൾ ഉണ്ടാവാറില്ല എന്ന് തൊഴിലാളികൾ പറഞ്ഞു.
- വി എം സി അംഗങ്ങളുടെ വീടുകൾ സന്ദർശിച്ചാണ് തൊഴിലാളികൾ സൈറ്റ് ഡയറിയിൽ ഒപ്പ് രേഖപ്പെടുത്തുന്നത്.

## വിഎംസി അംഗങ്ങൾ

- പവിത്രൻ ഇ വി
- വിജയൻ പി
- സഹന ബി കെ
- പ്രേമജ പി
- സായന്ത്

## മേറ്റ്

പ്രവൃത്തി സ്ഥലങ്ങളിൽ മേൽനോട്ടം വഹിക്കേണ്ടത് മേറ്റ് ആണ്. തൊഴിലാളികൾ ഓരോ ദിവസവും കൃത്യമായി ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, തൊഴിൽ കാർഡ്, സൈറ്റ് ഡയറി, മസ്റ്റർ റോൾ എന്നിവയിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ തൊഴിലിടങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

- പെരളശ്ശേരി പഞ്ചായത്ത് പതിനഞ്ചാം വാർഡിൽ ഇപ്പോൾ ശ്രീമതി വാസന്തി മേറ്റ് ആയി വർക്ക് ചെയ്യുന്നു.
- മാറ്റ് 15 ദിവസം കൂടുമ്പോൾ മറാറുണ്ട് എന്ന് തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചു.

## പദ്ധതി ആരംഭ മീറ്റിംഗ്

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 22 പ്രകാരം ഒരു പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് ഏതെങ്കിലും ഒരു പൊതുസ്ഥലത്തോ തൊഴിലിടങ്ങളിലോ വച്ച് ചേരുന്ന തൊഴിലാളികളുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗമാണ് പദ്ധതി ആരംഭ മീറ്റിംഗ്.

- ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ള പതിനഞ്ചാം വാർഡിലെ തോടുകളുടെ പുനരുദ്ധരണം WH/303179 എന്ന വർക്ക് ഫയലിൽ പദ്ധതി ആരംഭ മീറ്റിംഗ് നടന്നതിന്റെ രേഖ ഉൾപെടത്തിയിട്ടുണ്ട്.
- പ്രവർത്തിയുടെ പദ്ധതി ആരംഭ മീറ്റിങ്ങിൽ പങ്കെടുത്ത തൊഴിലാളികളുടെ പേരും തൊഴിൽ കാർഡ് നമ്പറും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ട്
- ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 എന്ന പ്രവർത്തിക്ക് പദ്ധതി ആരംഭ മീറ്റിംഗ് നടന്നില്ല എന്ന് തൊഴിലാളികളിൽ നിന്ന് അറിയുവാൻ സാധിച്ചു.
- പ്രവർത്തി ഫയൽ പരിശോധിച്ചപ്പോൾ പദ്ധതി ആരംഭ മീറ്റിങ്ങിൽ അധ്യക്ഷനായി വാർഡ് മെമ്പർ മിനി പങ്കെടുത്തതായി കാണാൻ സാധിച്ചു. മെമ്പറുടെ ഒപ്പും പേരും രേഖ

പെടുത്തിയിട്ടുണ്ട്എന്നാൽ പദ്ധതി ആരംഭ മീറ്റിംഗ് ൽ വാർഡ് മെമ്പർ പങ്കാളി ആവാറില്ല എന്നും പിന്നീട് മെമ്പർ ഒപ്പ് രേഖപെടുത്താറാണ് പതിവ് എന്നും തൊഴിലാളികൾ പരാതിപെട്ടു.

**തൊഴിലാളികളുടെ കടമകൾ**

- തൊഴിലിടങ്ങളിൽ സമയനിഷ്ഠ പാലിക്കുക.
- തൊഴിൽ ചെയ്യുന്ന ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും കൃത്യമായി ഒപ്പ് രേഖപ്പെടുത്തുക.
- തൊഴിൽ കാർഡിൽ ഹാജർ കൃത്യമായി മേറ്റ് രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
- പ്രൊജക്റ്റ് മീറ്റിംഗ്, ഗ്രാമസഭകൾ, തൊഴിലുറപ്പ് ഗ്രാമസഭകൾ എന്നിവയിൽ പങ്കെടുക്കുക.
- തൊഴിലിടങ്ങളിൽ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാനോ പാടില്ല.
- പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുക.
- ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ കണ്ടെത്തി പഞ്ചായത്ത് അധികൃതരെ അറിയിക്കുക

**സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ പ്രവർത്തികൾ**

| നമ്പർ | പ്രവർത്തിയുടെ പേരും കോഡും | എസ്റ്റിമേറ്റ് എമൗണ്ട് | കാലയളവ് | ആകെ തൊഴിൽ ദിനങ്ങൾ | മസ്റ്റർ റോൾ നമ്പർ | ചിലവായ തുക | |
|---|---|---|---|---|---|---|---|
| | | | | | | വേതനം | സാധനം |
| 1 | ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | 6818/- | 5/6/19 to 7/6/19 | 13 | 493 | 13×229=2977 | ടൂൾസ് =65 CIB=5000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം | 256446 | 01/04/2019 to 12/06/2019 | 413 | 227, 250, 48, 165, 195, 478, 521 | 413×271=111923 | ടൂൾസ് 2065<br>CIB =0 |

## അളവുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്, കോഡ് | എസ്റ്റിമേറ്റ് കണക് | M ബുക്ക് കണക് | ഫീൽഡിലെ അളവുകൾ |
|---|---|---|---|---|
| 1 | പതിഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം<br>WH/303179 | നീളം - 1660മീ.<br>വീതി - 1.75മീ. | നീളം - 1077മീ.<br>വീതി - 1.10മീ | നീളം - 1077മീ.<br>വീതി - 1.10മീ |
| 2 | ഫാം പോണ്ട് നിർമാണം ശ്യാമള<br>IF/378924 | നീളം - 10മീ.<br>വീതി - 3മീ.<br>ആഴം - 1.5മീ | നീളം - 6മീ.<br>വീതി - 3മീ.<br>ആഴം - 1.5മീ | നീളം - 6മീ.<br>വീതി - 3മീ.<br>ആഴം - അളക്കാൻ സാധിച്ചില്ല. |

## ഫയൽ പരിശോധന വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കവർപേജ് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• എല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് |
| 2 | ചെക്ക് ലിസ്റ്റ് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം - WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള - IF/378924 | • ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ആക്ഷൻ പ്ലാനിന്റെ കോപ്പി | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം- WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| 4 | എസ്റ്റിമേറ്റ് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം- WH/303179<br><br>ഫാം പോണ്ട് - നിർമാണം ശ്യാമള IF/378924 | • ഒരു പ്രവൃത്തി എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിപ്പിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്.<br>• ഈ രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | • ജനകീയ എസ്റ്റിമേറ്റ് ഇല്ല |
| 5 | സാങ്കേതിക അനുമതി | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ഒരു പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി രേഖ.<br>• ഈ രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 6 | ഭരണാനുമതി | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • പ്രവൃത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ.<br>• ഈ രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് |
| 7 | സംയോജിത പദ്ധതിയുടെ പകർപ്പ് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തി ഫയലുകൾ സർക്കാരിന്റെ മറ്റു വകുപ്പുകളുമായി സംയോജിച്ച് നടത്തുന്ന പ്രവൃത്തികൾ അല്ലാത്തതിനാൽ ഈ രേഖകൾ ബാധകമല്ല. |

| | | | |
|---|---|---|---|
| 8 | തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം.<br>• ഡിമാൻറ് ഫോം ഉക്ഷപ്പെടുത്തിയിട്ടുണ്ട്. |
| 9 | തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖ | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വിവരം തൊഴിലാളികൾക്ക് ലഭിച്ചിരിക്കണം.<br>• ഈ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് 15 ദിവസത്തിനകം തന്നെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാറുണ്ട് എന്ന് മനസിലാക്കാൻ കഴിഞ്ഞു. |
| 10 | മസ്റ്റർ റോൾ | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സീൽ പതിപ്പിച്ച മസ്റ്റർ റോൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• ഫാം പോണ്ട് ശ്യാമള IF/378924 പ്രവർത്തിയുടെ മസ്റ്റർ റോളിൽ KL-02-001-008-014/36 വാസന്തി കെ വി ഒപ്പിട്ടതിനു മുകളിൽ അബ്സെന്റ് മാർക്ക് ചെയ്തിട്ടുണ്ട്.<br>• എം ബുക്ക് നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| 11 | മെഷർമെൻറ് ബുക്ക് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • സെക്രട്ടറി ഒപ്പും സീലും വെച്ച് സാക്ഷ്യപ്പെടുത്തിയ എം ബുക്കാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.ഇത് പ്രശംസനീയമാണ്.<br>• പ്രസിഡണ്ട്, അസിസ്റ്റൻറ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 12 | സാധനസാമഗ്രികളെ കുറിച്ചുള്ള വിവരങ്ങൾ | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം - WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • പരിശോധിച്ച ഫയലിലെ പ്രവർത്തിയിൽ സാധന സാമഗ്രികൾ ആവശ്യം ഉണ്ടായിരുന്നില്ല |
| 13 | വേജ് ലിസ്റ്റ് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • മസ്റ്റ്റോളിന് ആനുപാതികമായി തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന രേഖയാണ് വേജ് ലിസ്റ്റ്.<br>• പരിശോധിച്ച ഫയലിൽ മസ്റ്റർ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റുകൾ സൂക്ഷിച്ചിട്ടുണ്ട്. |
| 14 | ഫണ്ട് ട്രാൻസ്ഫർ ഓർഡർ | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • വേതനം തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ.<br>• പരിശോധനക്ക് വിധേയമാക്കിയ ഫയലിൽ മസ്റ്റർ |

| | | | |
|---|---|---|---|
| | | | റോളുകളുടെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഉണ്ട്. |
| 15 | രസീതുകളും റോയൽറ്റിയും സംബന്ധിച്ച് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ഫയലിൽ രസീതുകളും റോയൽറ്റിയും ഇല്ലായിരുന്നു |
| 16 | 3 ഘട്ടങ്ങളിലെ ഫോട്ടോകൾ | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • പരിശോധിച്ച 2 ഫയലിലും ആദ്യ ഘട്ടത്തിലും അവസാന ഘട്ടത്തിലും ഫോട്ടോസ് ഉണ്ടായിരുന്നു. |
| 17 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ഈ രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 18 | മെറ്റീരിയൽ ബില്ലുകൾ | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • പരിശോധിച്ച പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ വർക്ക് ഉള്ള പ്രവർത്തിയല്ല. |

| | | | |
|---|---|---|---|
| 19 | മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924<br>850- മണ്ണ് ജല സംരക്ഷണം | • മസ്റ്റർ റോൾ അനുവദിച്ച തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും മനസ്സിലാക്കാനാണ് മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്.<br>• ഈ രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 20 | ജിയോ ടാഗ് ഫോട്ടോകൾ | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ജിയോ ടാഗ് ഫോട്ടോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 21 | സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179<br><br>ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടില്ല. |
| 22 | സൈറ്റ് ഡയറി | പതിനഞ്ചാം വാർഡിൽ വിവിധ തോടുകളുടെ പുനരുദ്ധാരണം WH/303179 | • ഈ രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• പ്രൊജക്റ്റ് മീറ്റിംഗ് മിനുട്സിൽ പങ്കെടുത്ത തൊഴിലാളികളുടെ പേരും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ട്.<br>• വി എം സി അംഗങ്ങളായ പവിത്രൻ ഇ വി, വിജയൻ പി, സഹന ബി കെ, പ്രേമജ കെ സയന്ത്, എന്നിവർ വർക്ക് |

| | | | |
|---|---|---|---|
| | | | ഫയലിൽ പേരും ഒപ്പും രേഖപെടുത്തിയിട്ടുണ്ട്.<br>• സന്ദർശക കുറിപ്പിൽ വാർഡ് മെമ്പർ മിനി , ഓവർസിയർ സന്ധ്യ എന്നിവർ ഒപ്പ് രേഖപെടുത്തിട്ടുണ്ട് |
| | | ഫാം പോണ്ട് നിർമാണം ശ്യാമള IF/378924 | • ഈ രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല |

## രജിസ്റ്ററുകൾ

| നമ്പർ | രജിസ്റ്റർ | പരിശോധന വിവരം |
|---|---|---|
| 1 | **തൊഴിൽകാർഡ് രജിസ്റ്റർ**<br>തൊഴിൽ കാർഡിനുള്ള അപേക്ഷ, കാർഡ് അനുവദിച്ച വിവരങ്ങള് എന്നിവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ | • രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.<br>• എല്ലാ കാര്യങ്ങളും കൃത്യതയോടെ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | **ഗ്രാമസഭ രജിസ്റ്റർ**<br>തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകള് ,യോഗങ്ങള് തുടങ്ങിയവ രേഖപ്പെടുത്തുന്നതിനുള്ള വാർഡ് തല രജിസ്റ്റർ | • പ്രസ്തുത രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.<br>• എല്ലാ ഗ്രാമസഭയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 3 | **തൊഴില് അപേക്ഷാ രജിസ്റ്റർ**<br>തൊഴില് ആവശ്യപ്പെട്ടു ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങളും അതുപ്രകാരം അവര്ക്ക് തൊഴില് അനുവദിച്ചതിന്റെ വിവരങ്ങളും രേഖപ്പെടുത്തി വയ്ക്കുന്ന രജിസ്റ്റർ | • രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.<br>• തൊഴിലാളിയുടെ പേര്, രജിസ്റ്റർ ഐഡി, ഡിമാൻഡ് ചെയ്ത തിയ്യതി എന്നി കാര്യങ്ങളെല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| 4 | **പ്രവൃത്തി രജിസ്റ്റർ** | |

| | | |
|---|---|---|
| | തൊഴിലുറപ്പില് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്ന രജിസ്റ്റർ | • രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.<br>• എല്ലാ പ്രവർത്തികളുടെ പേരും വർക്ക് കോഡും പ്രവർത്തി ആരംഭിച്ച തിയ്യതിയും നല്കിയിട്ടുണ്ട്. |
| 5 | **ആസ്തി രജിസ്റ്റർ**<br>തൊഴിലുറപ്പ്പദ്ധതിയിലൂടെ സൃഷ്ട്ടിച്ചിട്ടുള്ള ആസ്തികള് സംബന്ധിച്ച വിവരങ്ങള്, സ്ഥലം,ആസ്തിയുടെ സ്വഭാവം, നിലനിര്ത്തുന്ന കാലയളവ് തുടങ്ങിയവ രേഖപ്പെടുത്തി വയ്ക്കുന്ന രജിസ്റ്റർ. | • രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.<br>• എല്ലാ വിവരങ്ങളും കൃത്യതയോടെ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. |
| 6 | **പരാതി രജിസ്റ്റർ**<br>ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തിയുടെ കാലയളവിന് സമയബന്ധിതമായുള്ള പരാതി രേഖപ്പെടുത്തി വയ്ക്കുന്ന രജിസ്റ്റർ. ബന്ധപ്പെട്ട പരാതികൾ ഫോൺ, ടോൾഫ്രീ നമ്പർ ഉപയോഗിച്ചും ഇമെയിൽ വഴിയും, രേഖാമൂലം എഴുതി നൽകിയും സമർപ്പിക്കാവുന്നതാണ്. | • പരാതി രജിസ്റ്റർ ഉണ്ട്.<br>• 27/04/2015, 30/04/2015 തിയ്യതികളിൽ വേതനം കിട്ടുന്നില്ല എന്ന് എഴുതിയ 2 പരാതികൾ മാത്രമേ കാണാൻ സാധിച്ചുള്ളൂ.<br>• പരാതി പരിഹരിച്ചിട്ടുണ്ട് എന്ന് ഫയൽ പരിശോധനയിലൂടെ വ്യക്തമായിട്ടുണ്ട്. |
| 7 | **മെറ്റീരിയല് രജിസ്റ്റർ**<br>സാധന സാമഗ്രികളുടെ വാങ്ങല് തീരുമാനം, ഉപയോഗം, നീക്കിയിരിപ്പ്,ചെലവുകള് രേഖപ്പെടുത്തി വയ്ക്കുന്ന രജിസ്റ്റർ. | • മെറ്റീരിയൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.<br>• എല്ലാ വിവരങ്ങളും കൃത്യതയോടെ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട് |

## കണ്ടെത്തലുകൾ

### ഫയൽ വേരിഫിക്കേഷൻ

- വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക്ക് ഫയൽ 22 രേഖകൾസൂക്ഷിക്കേണ്ടതാണ്. ജിയോ ടാഗ് ഫോട്ടോ ഒഴികെ ബാക്കി എല്ലാ രേഖകളും രണ്ടു ഫയലിലും ഉണ്ടായിരുന്നു. ഇത് പ്രശംസനീയമായ കാര്യമാണ്.
- തൊഴിലുറപ്പ് പദ്ധതി ഓഫീസിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ട്.

### ഫീൽഡ് വേരിഫിക്കേഷൻ

- ഫാം പോണ്ട് ശ്യാമള IF/378924 പ്രവർത്തി കൃത്യമായ അളവിൽ തന്നെ യാണ് കാണാൻ സാധിച്ചത്. ഇത് കൃഷിക്ക് ഉപയോഗ പ്രദമാണ്.
- തൊഴിൽ അപേക്ഷകൾ ഒരു മാസത്തിലേറെയായി ഡിമാൻഡ് ഫോമിൽ എഴുതി ഫ്രണ്ട് ഓഫീസ് വഴി ആണ് നൽകുന്നത് എന്ന് തൊഴിലാളികൾ ഫോക്കസ്ഗ്രൂപ്പ് ഡിസ്കഷനിൽ പറഞ്ഞിരുന്നെങ്കിലും കൈപ്പറ്റ് രസീതിൻറെ കോപ്പി അവരുടെ കയ്യിൽ ലഭ്യമായിരുന്നില്ല.
- IF/378924 ശ്യാമള ഫാം പോണ്ട് പ്രവർത്തിക്ക് CIB സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തി ആരംഭിച്ച തിയ്യതി, അവസാനിച്ച തിയ്യതി എന്നിവ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
- WH/303179 തോടുകളുടെ പുനരുദ്ധാരണം വാർഡ് 15 'പ്രവർത്തിയിൽCIB കാണാൻ സാധിച്ചില്ല.
- തോടുകളുടെ പുനരുദ്ധാരണ പ്രവർത്തിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള കയർ ഭൂവസ്ത്രം വിരിക്കൽ പ്രവർത്തി ചെയ്തിട്ടില്ല.
- വേതനം ലഭ്യമാകുന്നതിൽ തൊഴിലാളികൾക്ക് കാലതാമസം അനുഭവപ്പെടുന്നു

## നിർദ്ദേശങ്ങൾ

- തൊഴിലാളികൾക്ക് നിയമം അനുശാസിക്കുന്ന വിധത്തിലുള്ള അവകാശങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ലഭിക്കുന്നുണ്ടെന്ന് നിർവഹണ ഏജൻസി ഉറപ്പുവരുത്തേണ്ടതുണ്ട്.

- പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മെമ്പറുടെ അദ്ധ്യക്ഷതയിൽ തന്നെ പ്രോജക്റ്റ് മീറ്റിംഗ് നടത്തേണ്ടതാണ് . തൊഴിൽകാർഡ് തികച്ചും സൗജന്യമായി അനുവദിക്കേണ്ടതുണ്ട്
- മസ്റ്റർ റോളിൽ വെട്ടി തിരുത്തലുകൾ പാടില്ല
- പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് പദ്ധതി വിവരങ്ങളടങ്ങിയ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കേണ്ടത് ആണ്.
- വിജിലെൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങളെ കാലാനുസൃതമായി മാറ്റുകയും അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.
- 3 ഘട്ടങ്ങളിലും ഉള്ള വ്യക്തമായ ഫോട്ടോകൾ എടുത്ത് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് ചെയ്യാൻ പറ്റിയ പ്രവർത്തികൾ

- ആട്ടിൻകൂട് നിർമ്മാണം
- കോഴിക്കൂട് നിർമ്മാണം


## അനുബന്ധം

### എഫ് ജി ഡി യിൽ പങ്കെടുത്തവർ

| പേര് | തൊഴിൽ കാർഡ് നമ്പർ |
|---|---|
| കാഞ്ചന സി കെ | KL-02-001-008-015/26 |
| ഷീല ടി വി | KL-02-001-008-014/11 |
| ജാനകി ഇ വി | KL-02-001-008-014/10 |
| യെശോദ പി | KL-02-001-008-015/14 |
| ശാന്ത ടി | KL-02-001-008-015/16 |
| വസന്ത വി കെ | KL-02-001-008-015/96 |
| വസുമതി ഇ വി | KL-02-001-008-014/27 |
| വസുമതി സി | KL-02-001-008-015/1 |
| വി വി ലീല | KL-02-001-008-015/85 |
| ലക്ഷ്മി എം | KL-02-001-008-014/35 |

| | |
|---|---|
| സാവിത്രി എം | KL-02-001-008-015/66 |
| സുനിത എൻ | KL-02-001-008-15/02 |
| ചന്ദ്രി പി | KL-02-001-008-015/42 |
| അനിത എ പി | KL-02-001-008-015/8 |
| ദേവി എൻ കെ | KL-02-001-008-015/11 |
| പ്രസന്ന | KL-02-001-008-017/143 |
| ശ്രീജ പി കെ | KL-02-001-008-015/19 |
| വാസന്തി കെ വി | KL-02-001-008-015/15 |

**<u>ജിയോ ട്രാക്ക് ഫോട്ടോ</u>**



## പ്രവർത്തി സ്ഥലം




## ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ



## ഗ്രാമസഭ നിർദ്ദേശങ്ങൾ

- വിഎംസി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. വി എം സി അംഗംങ്ങളെ പുതുക്കുക
- എല്ലാ വർഷവും കുളം,തോട് പുനരുദ്ധാരണ പ്രവർത്തി തൊഴിലുറപ്പിൽ എറ്റെടുത്ത് നടത്തുക എന്നത് തൊഴിലുറപ്പ് നിയമത്തിൽ കൊണ്ടുവരേണ്ടത് അത്യാവശ്യം ആണ്.
- വ്യത്തിഹീനമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന സമയങ്ങളിൽ സുരക്ഷ ഉപകരണങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുക.
- കൃത്യ സമയങ്ങളിൽ തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കുക.
- വാടക 5 രൂപ എന്നത് 10 രൂപയായി വർധിപ്പിക്കുക.
- ജെഎൽജി ഭൂമി കൃഷിക്ക് നിലം ഒരുക്കൽ പ്രവർത്തിയിൽ തുടർ പ്രവർത്തിയായി പച്ചക്കറി കൃഷി നടത്തി വിളവെടുപ്പ് നടത്തൽ തൊഴിലുറപ്പ് നീയമത്തിൽ കൊണ്ടു വരിക. തൊഴിലാളികൾ കൃഷിയിലേക്ക് മുന്നിട്ട് ഇറങ്ങുക.
- വേതനം 300 രൂപയായി ഉയർത്തുക

**സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സഹായിച്ചവർ**

തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ
പഞ്ചായത്ത് ഉദ്യോഗസ്ഥർ
വാർഡിലെ തൊഴിലാളികൾ
മേറ്റ്മാർ
സോഷ്യൽ ഓഡിറ്റ് ടീം, കണ്ണൂർ